# നോമ്പു തുറന്ന ശേഷം ചൊല്ലേണ്ട ദിക്ർ, ഒരു ലഘു വിവരണം

ذَهَبَ الظَّمَأُ،
وَابْتَلَّتِ الْعُرُوقُ،
وَثَبَتَ الْأَجْرُ إِنْ شَاءَ اللَّهُ

അബൂ തൈമിയ്യ ഹനീഫ് ബാവ

حفظه الله

ISLAMBOOKS.IN

# നോമ്പു തുറന്ന ശേഷം ചൊല്ലേണ്ട ദിക്ർ, ഒരു ലഘു വിവരണം

ذَهَبَ الظَّمَأُ،
وَابْتَلَّتِ الْعُرُوقُ،
وَثَبَتَ الأَجْرُ إِنْ شَاءَ اللَّهُ

**അബൂ തൈമിയ്യ ഹനീഫ് ബാവ**

حفظه الله

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

عن ابن عمر قَالَ:

كَانَ رَسُولُ اللَّهِ ﷺ إِذَا أَفْطَرَ قَالَ:

" ذَهَبَ الظَّمَأُ، وَابْتَلَّتِ الْعُرُوقُ، وَثَبَتَ الْأَجْرُ إِنْ شَاءَ اللَّهُ ".

[رواه أبو داود وحسنه الألباني]

ഇബ്നു ഉമർ رَضِيَ ٱللَّهُ عَنْهُمَا പറയുന്നു: അല്ലാഹുവിന്റെ റസൂൽ ﷺ നോമ്പു തുറന്നാൽ ഇങ്ങനെ പറയുമായിരുന്നു: "ദാഹപരവേശം പോയി, നാഡികൾ നനഞ്ഞു, അല്ലാഹു ഉദ്ദേശിച്ചാൽ പ്രതിഫലം ഉറപ്പായി".

[അബൂ ദാവൂദ് സുനനിൽ ഉദ്ധരിച്ചത്]

ആരാധനകൾക്ക് ആവേശമാണീ വാക്കുകൾ. ആരാധനയുടെ മാധുര്യം ആസ്വദിച്ചറിഞ്ഞ ഹൃദയത്തിൽ നിന്നുള്ള ആവിഷ്കാരണം. അല്ലാഹുവിന്റെ വാഗ്ദാനത്തിലുള്ള അടിയുറച്ച വിശ്വാസത്തിന്റെ പ്രകാശനം.

**"ദാഹപരവേശം പോയി"**

എത്ര നശ്വരമാണ് നാം അനുഭവിക്കേണ്ടിവന്ന ത്യാഗങ്ങളും പ്രയാസങ്ങളും. അതൊക്കെ ഇതാ ഇവിടെ തീർന്നു.

**“നാഡികൾ നനഞ്ഞു"**

ഉണങ്ങി വരണ്ടിരുന്ന അവസ്ഥക്ക് ശേഷം നാഡികൾ നനഞ്ഞു. ശരീരം അതിന്റെ കുളിരറിഞ്ഞു, ആശ്വാസമായി, സന്തോഷമനുഭവിച്ചു.

നബി ﷺ പറയുന്നു:

لِلصَّائِمِ فَرْحَتَانِ يَفْرَحُهُمَا؛ إِذَا أَفْطَرَ فَرِحَ، وَإِذَا لَقِيَ رَبَّهُ فَرِحَ بِصَوْمِهِ،

[رواه البخاري ومسلم عن أبي هريرة رضي الله عنه]

“നോമ്പുകാരന് ആഹ്ലാദിക്കാൻ രണ്ടു സന്തോഷങ്ങളുണ്ട്; നോമ്പു തുറക്കുമ്പോൾ അവൻ സന്തോഷിക്കുന്നു. തന്റെ റബ്ബിനെ കണ്ടുമുട്ടുമ്പോൾ നോമ്പിനാൽ അവൻ സന്തോഷിക്കുന്നു”

[ബുഖാരിയും മുസ്‌ലിമും അബൂ ഹുറൈയ്റഃ رَضِيَ ٱللَّهُ عَنْهُ വിൽ നിന്നു നിവേദനം ചെയ്തത്]

പകൽ മുഴുവൻ അനുഭവിച്ച ആത്മനിയന്ത്രണവും ദാഹവും വിശപ്പും ത്യാഗവുമെല്ലാം വിസ്മൃതിയിലാക്കുന്നതാണ് അടുത്ത വാചകത്തിലടങ്ങിയിരിക്കുന്ന ആഹ്ലാദഭരിതമായ പ്രതീക്ഷ:

**“അല്ലാഹു ഉദ്ദേശിച്ചാൽ പ്രതിഫലം ഉറപ്പായി".**

വിവരണാതീതമാണീ പ്രതീക്ഷയുടെ സൗന്ദര്യം. “ദാഹം തീർന്നു... പ്രതിഫലം ഉറപ്പായി". നമ്മൾ അനുഭവിച്ചത് എത്ര നശ്വരം! അല്ലാഹു ഒരുക്കിവെച്ചിരിക്കുന്നത് അനശ്വരവും അനന്തവുമായ കണക്കില്ലാത്ത പ്രതിഫലം!! എത്ര ആനന്ദകരമാണീ വാക്കുകൾ!!

عَنْ أَبِي هُرَيْرَةَ رَضِيَ اللَّهُ عَنْهُ، قَالَ: قَالَ رَسُولُ اللَّهِ ﷺ: "كُلُّ عَمَلِ ابْنِ آدَمَ يُضَاعَفُ الْحَسَنَةُ عَشْرُ أَمْثَالِهَا إِلَى سَبْعِمِائَةِ ضِعْفٍ، قَالَ اللَّهُ عَزَّ وَجَلَّ: إِلَّا الصَّوْمَ، فَإِنَّهُ لِي، وَأَنَا أَجْزِي بِهِ، يَدَعُ شَهْوَتَهُ، وَطَعَامَهُ مِنْ أَجْلِي." [رواه مسلم]

അബൂ ഹുറൈറ(റ) رَضِيَ اللَّهُ عَنْهُ നിവേദനം. അല്ലാഹുവിന്റെ റസൂൽ صَلَّى اللَّهُ عَلَيْهِ وَسَلَّمَ പറയുന്നു: "ആദം സന്തതിയുടെ എല്ലാ കർമ്മങ്ങളും ഇരട്ടിക്കും, ഒരു നന്മയുടെ പ്രതിഫലം തത്തുല്യമായ പത്ത് മുതൽ എഴുന്നൂറ് ഇരട്ടിവരെ. അല്ലാഹു പറയുന്നു: നോമ്പ് ഒഴികെ, അത് എനിക്കുള്ളതാണ് എന്നതത്രെ കാര്യം. ഞാനാണ് അതിന് പ്രതിഫലം നിശ്ചയിക്കുന്നത്. അവൻ തന്റെ ഇച്ഛയും ഭക്ഷണവും വെടിഞ്ഞത് എനിക്കുവേണ്ടി മാത്രമാണ്." [മുസ്‌ലിം സ്വഹീഹിൽ ഉദ്ധരിച്ചത്]

ഇബ്നു റജബ് رَحِمَهُ اللَّهُ പറയുന്നു:

إلا الصيام فإنه لا ينحصر تضعيفه في هذا العدد، بل يضاعفه الله عز وجل أضعافا كثيرة بغير حصر عدد فإن الصيام من الصبر وقد قال الله تعالى: ﴿إِنَّمَا يُوَفَّى الصَّابِرُونَ أَجْرَهُمْ بِغَيْرِ حِسَابٍ﴾ [الزمر: ١٠] ولهذا ورد عن النبي ﷺ: أنه سمى شهر رمضان شهر الصبر... والصبر ثلاثة أنواع: صبر على طاعة الله وصبر عن محارم الله وصبر على أقدار الله المؤلمة. وتجتمع الثلاثة في الصوم فإن فيه صبرا على طاعة الله وصبرا عما حرم الله على الصائم من الشهوات وصبرا على ما يحصل للصائم فيه من ألم الجوع والعطش وضعف النفس والبدن وهذا الألم الناشئ من أعمال الطاعات يثاب عليه صاحبه كما قال الله تعالى في المجاهدين: ﴿ذَٰلِكَ بِأَنَّهُمْ لَا يُصِيبُهُمْ ظَمَأٌ وَلَا نَصَبٌ وَلَا مَخْمَصَةٌ فِي سَبِيلِ اللَّهِ وَلَا يَطَئُونَ مَوْطِئًا يَغِيظُ

ٱلۡكُفَّارَ وَلَا يَنَالُونَ مِنۡ عَدُوّٖ نَّيۡلًا إِلَّا كُتِبَ لَهُم بِهِۦ عَمَلٞ صَٰلِحٌۚ إِنَّ ٱللَّهَ لَا يُضِيعُ أَجۡرَ ٱلۡمُحۡسِنِينَ﴾. [التوبة ١٢٠]

[لطائف المعارف]

"നോമ്പൊഴികെ, അതിനെ ഇരട്ടിപ്പിക്കൽ ഈ എണ്ണത്തിൽ പരിമിതമാവി ല്ലെന്നതാണ് കാര്യം. മറിച്ച്, അല്ലാഹ عز وجل ക്ലിപ്തമായ എണ്ണം കണക്കാ ക്കാതെ അതിനെ ഇരട്ടിപ്പിക്കുന്നു. കാരണം നോമ്പ് ക്ഷമയിൽ പെട്ടതാണ്.

"ക്ഷമാലുക്കൾക്ക് അവരുടെ പ്രതിഫലം കണക്കില്ലാതെ പൂർത്തീകരിച്ചു കൊടുക്കുക തന്നെ ചെയ്യും." [സുമർ 10] എന്നാണ് അല്ലാഹ تعالى പറഞ്ഞിട്ടുള്ളത്.

അതുകൊണ്ടു തന്നെ റമദാനിനെ ക്ഷമയുടെ മാസം എന്ന് വിശേഷിപ്പിച്ചതായി നബി ﷺ യിൽ നിന്ന് വന്നിട്ടുണ്ട്...
ക്ഷമ മൂന്ന് ഇനമാണ്. അല്ലാഹവിന് ആരാധനകളനുഷ്ഠിക്കുന്നതിലുള്ള ക്ഷമ, അവന്റെ വിലക്കുകൾ മറികടക്കാതിരിക്കാനുള്ള ക്ഷമ, അല്ലാഹ വിധിച്ച തിൽ വേദനിപ്പിക്കുന്നവ സഹിക്കുന്നതിലുള്ള ക്ഷമ. ഇവ മൂന്നും നോമ്പിൽ ഒന്നിച്ചുവരുന്നു. അതിൽ അല്ലാഹവിന്ന് ആരാധനകളനു-ഷ്ഠിക്കുന്നതി ലുള്ള ക്ഷമയുണ്ട്. നോമ്പുകാരന് തന്റെ ഇച്ഛകളിൽ നിന്ന് അല്ലാഹ വിലക്കിയതിലുള്ള ക്ഷമയുണ്ട്.

നോമ്പുകാരൻ അനുഭവിക്കേണ്ടിവരുന്ന വിശപ്പിന്റെയും ദാഹത്തിന്റെയും, ശാരീരിക-മാനസിക ക്ഷീണത്തിന്റെയും വേദനകളിലുള്ള ക്ഷമയുണ്ട്. പുണ്യകർമ്മങ്ങൾ കാരണമായുണ്ടാകുന്ന ഈ വേദനകൾക്ക് അവന്

പ്രതിഫലം നൽകപ്പെടും. യോദ്ധാക്കളെക്കുറിച്ച് അല്ലാഹു പറഞ്ഞതു-പോലെ: “അത് എന്തുകൊണ്ടെന്നാൽ, അല്ലാ ഹുവിന്റെ മാർഗ്ഗത്തിൽ യാതൊരു ദാഹമോ ക്ഷീണമോ വിശപ്പോ അവർക്ക് ബാധിക്കുന്നില്ല, സത്യനിഷേധികൾക്ക് കോപമുണ്ടാക്കുന്നിടത്ത് അവർ കാലടിവെക്കു-ന്നുമില്ല, ശത്രുവിന് അവർ ഒരു ഉപദ്രവവും ഏൽപ്പിക്കുന്നുമില്ല, അതിലൂടെ അവർക്ക് ഒരു പുണ്യകർമ്മം രേഖപ്പെട്ടു ത്തപ്പെട്ടിട്ടല്ലാതെ. നിശ്ചയമായും അല്ലാഹു മുഹ്സിനീങ്ങൾക്കുള്ള പ്രതിഫലം നഷ്ടപ്പെടുത്തുകയില്ല.“

[തൗബ 120] “

[ലത്വാഇഫുൽ മആരിഫ്]

സ്വപ്നം സാക്ഷാത്കരിക്കാനും ആഗ്രഹം സഫലമാക്കാനും എത്ര ദുർഘ-ടമായ വഴികളും താണ്ടാൻ ഒരുക്കമാണ് മനുഷ്യൻ. എല്ലാ പ്രയാസങ്ങളും അവൻ സഹിക്കുന്നു. ലക്ഷ്യം പ്രാപിക്കുന്ന ആ അനർഘനിമിഷത്തിലെ സന്തോഷം അവനനുഭവിച്ച എല്ലാ വേദനകളെയും വിസ്മൃതിയിലാ-ഴ്ത്തുന്നു. പ്രസവസമയത്ത് ഒരു മാതാവ് അനുഭവിക്കുന്ന സന്തോഷം പോലെ.

### “അല്ലാഹു ഉദ്ദേശിച്ചാൽ പ്രതിഫലം ഉറപ്പായി"

തന്റെ ദാഹവും വിശപ്പും ത്യാഗവും അവന്റെ അതിമഹത്തായ പ്രതിഫല ത്തിനു  മുന്നിൽ ഒന്നുമല്ല. ത്യാഗംചെയ്ത് ലക്ഷ്യത്തിലെത്തി പ്രതിഫലം സ്വീകരിക്കുന്ന വേളയിൽ കടന്നുവന്ന വഴിയിലെ പ്രയാസങ്ങളെക്കുറിച്ച് ഓർമ്മിക്കുന്നത് ആ നിമിഷത്തിലെ ആസ്വാദനത്തിന്റെ മാധുര്യം ഏറെ

വർദ്ധിപ്പിക്കുന്നതാണ്. "ദാഹം തീർന്നു... പ്രതിഫലം ഉറപ്പായി".

സ്വർഗ്ഗത്തിലണയുന്ന നേരത്ത് സത്യവിശ്വാസികൾ പറയും:

﴿وَقَالُوا الْحَمْدُ لِلَّهِ الَّذِي أَذْهَبَ عَنَّا الْحَزَنَ إِنَّ رَبَّنَا لَغَفُورٌ شَكُورٌ﴾. [فاطر ٣٤]

"അവർ പറയും: ഞങ്ങളിൽ നിന്നു സകല ദുഃഖവും നീക്കിത്തന്നവനായ അല്ലാഹുവിനാകുന്നു സർവ്വ സ്തുതിയും. തീർച്ചയായും നമ്മുടെ റബ്ബ് അങ്ങേയറ്റം പൊറുക്കുന്നവനും ഏറെ നന്ദിയുള്ളവനുമാകുന്നു."

[ഫാത്വിർ 34]

പ്രതിഫലം അനുഭവവേദ്യമാകുമ്പോൾ അതുവരെ അനുഭവിച്ച ത്യാഗവും വേദനയും ഒന്നുമല്ലാതാകും. ശിക്ഷയനുഭവിക്കുന്ന നേരം അതുവരെയാസ്വദിച്ച എല്ലാ സുഖഃ സുഷുപ്തിയുടെയും സ്ഥിതിയും അതുതന്നെയാണ്. നിമിഷനേരം കൊണ്ട് എല്ലാം മറന്നുപോകും.

عَنْ أَنَسِ بْنِ مَالِكٍ ، قَالَ: قَالَ رَسُولُ اللَّهِ ﷺ:

" يُؤْتَى بِأَنْعَمِ أَهْلِ الدُّنْيَا مِنْ أَهْلِ النَّارِ يَوْمَ الْقِيَامَةِ، فَيُصْبَغُ فِي النَّارِ صَبْغَةً، ثُمَّ يُقَالُ: يَا ابْنَ آدَمَ ، هَلْ رَأَيْتَ خَيْرًا قَطُّ؟ هَلْ مَرَّ بِكَ نَعِيمٌ قَطُّ؟ فَيَقُولُ: لَا وَاللَّهِ يَا رَبِّ. وَيُؤْتَى بِأَشَدِّ النَّاسِ بُؤْسًا فِي الدُّنْيَا مِنْ أَهْلِ الْجَنَّةِ، فَيُصْبَغُ صَبْغَةً فِي الْجَنَّةِ، فَيُقَالُ لَهُ: يَا ابْنَ آدَمَ، هَلْ رَأَيْتَ بُؤْسًا قَطُّ؟ هَلْ مَرَّ بِكَ شِدَّةٌ قَطُّ؟ فَيَقُولُ: لَا وَاللَّهِ يَا رَبِّ، مَا مَرَّ بِي بُؤْسٌ قَطُّ، وَلَا رَأَيْتُ شِدَّةً قَطُّ ".

[رواه مسلم]

അനസ് ബിൻ മാലിക് رَضِيَ اللَّهُ عَنْهُ നിവേദനം: അല്ലാഹുവിന്റെ റസൂൽ ﷺ പറയുന്നു: "ദുനിയാവിൽ ഏറ്റവും സുഖലോലുപനായിരുന്ന,

നരകാവ കാശികളിലൊരുത്തനെ അന്ത്യനാളിൽ കൊണ്ടുവരപ്പെടും. നരകത്തിലൊന്ന് മുക്കിയെടുത്തിട്ട് അവനോട് ചോദിക്കും: ആദമിന്റെ പുത്രാ, നീ വല്ല സുഖവും അനുഭവിച്ചിരുന്നുവോ? നിന്റെ ജീവിതത്തിൽ വല്ല സന്തോഷവും കടന്നുപോയിരുന്നുവോ? അപ്പോൾ അവൻ പറയും: അല്ലാഹുവാണ, ഒരിക്കലുമില്ല റബ്ബേ.

ദുനിയാവിൽ ഏറ്റവും ദുരിതമനുഭവിച്ചിരുന്ന, സ്വർഗ്ഗാവകാശികളിൽപ്പെട്ട ഒരാളെ കോണ്ടുവരപ്പെടും. സ്വർഗ്ഗത്തിലൊന്നു മുക്കിയെടുത്തിട്ട് അവനോട് ചോദിക്കും: ആദമിന്റെ പുത്രാ, നീ വല്ല ദുരിതവും അനുഭവിച്ചിരുന്നുവോ? നിന്റെ ജീവിതത്തിൽ വല്ല പ്രയാസവും കടന്നുപോയിരുന്നുവോ? അപ്പോൾ അവൻ പറയും: അല്ലാഹുവാണ, ഒരിക്കലുമില്ല റബ്ബേ. ഒരു ദുരിതവും എന്റെ ജീവിതത്തിൽ കടന്നുപോയിട്ടില്ല, ഒരു പ്രയാസവും ഞാൻ അനുഭവിച്ചിട്ടില്ല."

[മുസ്‌ലിം സ്വഹീഹിൽ ഉദ്ധരിച്ചത്]

സ്വർഗ്ഗത്തിന് എട്ടു കവാടങ്ങളുണ്ട്. നോമ്പുകാരൻ റയ്യാൻ എന്ന വാതിലിലൂടെ വിളിക്കപ്പെടും. അതിലൂടെ പ്രവേശിച്ചാൽ പിന്നെ ഒരിക്കലും അവൻ ദാഹപരവശനാവില്ല.

عَنْ سَهْلِ بْنِ سَعْدٍ رَضِيَ اللَّهُ عَنْهُ، عَنِ النَّبِيِّ ﷺ قَالَ:
"فِي الْجَنَّةِ ثَمَانِيَةُ أَبْوَابٍ، فِيهَا بَابٌ يُسَمَّى الرَّيَّانَ، لَا يَدْخُلُهُ إِلَّا الصَّائِمُونَ."
[رواه البخاري]

സഹ്ൽ ബിൻ സഅ്ദ് رَضِيَ ٱللَّهُ عَنْهُ നിവേദനം. നബി صَلَّى ٱللَّهُ عَلَيْهِ وَسَلَّمَ പറയുന്നു: "സ്വർഗ്ഗത്തിന് എട്ട് കവാടങ്ങളുണ്ട്. അതിലൊരു കവാടത്തിന് റയ്യാൻ എന്നാണ് പേര്. നോമ്പുകാരല്ലാതെ മറ്റാരും അതിലൂടെ പ്രവേശിക്കില്ല." [ബുഖാരി സ്വഹീഹിൽ ഉദ്ധരിച്ചത്]

عَنْ سَهْلِ بْنِ سَعْدٍ، عَنِ النَّبِيِّ صَلَّى ٱللَّهُ عَلَيْهِ وَسَلَّمَ، قَالَ: "إِنَّ فِي الْجَنَّةِ لَبَابًا يُدْعَى الرَّيَّانَ، يُدْعَى لَهُ الصَّائِمُونَ، فَمَنْ كَانَ مِنَ الصَّائِمِينَ دَخَلَهُ، وَمَنْ دَخَلَهُ لَمْ يَظْمَأْ أَبَدًا"

[رواه الترمذي وصححه الألباني]

സഹ്ൽ ബിൻ സഅ്ദ് رَضِيَ ٱللَّهُ عَنْهُ നിവേദനം. നബി صَلَّى ٱللَّهُ عَلَيْهِ وَسَلَّمَ പറയുന്നു: "നിശ്ചയമായും സ്വർഗ്ഗത്തിൽ റയ്യാൻ എന്നു വിളിക്കപ്പെടുന്ന ഒരു വാതിലുണ്ട്. നോമ്പുകാർ അതിലേക്ക് ക്ഷണിക്കപ്പെടും. നോമ്പുകാരായിരുന്ന വരൊക്കെയും അതിൽ പ്രവേശിക്കും. ആർ അതിൽ പ്രവേശിച്ചുവോ അവനൊരിക്കലും ദാഹപരവശനാവില്ല."
[തിർമുദി സുനനിൽ ഉദ്ധരിച്ചത്]

റയ്യാൻ എന്ന കവാടത്തിലൂടെ സ്വർഗ്ഗത്തിലേക്കു കടന്നുപോകുന്നതോർ-ക്കുമ്പോൾ തന്നെ നോമ്പുകാരന് അവൻ അനുഭവിച്ച വിശപ്പും ദാഹവും ത്യാഗവുമെല്ലാം മധുരം നിറഞ്ഞ ആസ്വാദനമായിത്തീരുന്നു. ദാഹപരവേ ശത്തിന് അൽപ്പായുസ്സ് മാത്രം. അത് ഇതാ ഇവിടെ തീർന്നിരിക്കുന്നു. അല്ലാഹ അനുവദിച്ച നേരത്ത് അവന്റെ റസൂലിന്റെ മഹത്തായ മാതൃക പിന്തുടർന്ന് നോമ്പു തുറന്നു കഴിഞ്ഞപ്പോൾ നാഡികൾക്ക് നനവും ശരീരത്തിന് ആശ്വാസവുമായി. പ്രതിഫലം മാത്രമാണ് ഇനി ബാക്കിയു ള്ളത്, എന്നെന്നേക്കും ബാക്കിയാകുന്നതും.

എന്നാൽ ഓരോ വ്യക്തിയുടെയും കാര്യം അല്ലാഹുവിന്റെ കൈയ്യിലാണ്. അതുകൊണ്ടാണ് അവന്റെ ഉദ്ദേശത്തിലേക്ക് (مشيئة) ബന്ധിപ്പിച്ചു പറയുന്നത്. "അല്ലാഹു ഉദ്ദേശിച്ചാൽ പ്രതിഫലം ഉറപ്പായി" എന്ന്. ഇതൊരുകാര്യം ആവശ്യപ്പെടുന്ന ദുആ (دعاء مسألة) അല്ല. അതി മഹത്തായ ഒരു ദിക്റാണിത്. ഒരു പ്രസ്താവനാ വാചകവുമാണ്. രോഗിയെ സന്ദർശിക്കുന്ന വേളയിൽ ആശ്വാസവചനമായി നബി ﷺ പറയാറുണ്ടായിരുന്ന വാക്കുകൾ പോലെയാണിത്.

لَا بَأْسَ، طَهُورٌ إِنْ شَاءَ اللَّهُ [رواه البخاري]

"താങ്കൾക്ക് പ്രയാസമുണ്ടാകില്ല. അല്ലാഹു ഉദ്ദേശിച്ചാൽ ശുദ്ധീകരണമാണിത്." [ബുഖാരി സ്വഹീഹിൽ ഉദ്ധരിച്ചത്]

ഈ ദിക്റിനെ വിവരിച്ചുകൊണ്ട് അല്ലാമാ ഇബ്നു ഉഥൈമീൻ رَحِمَهُ ٱللَّهُ പറയുന്നു:

لا بأس يعني لا شدة عليك ولا أذى طهور يعني هذا طهور إن شاء الله وإنما قال النبي ﷺ إن شاء الله لأن هذه جملة خبرية وليست جملة دعائية لأن الدعاء ينبغي للإنسان أن يجزم به ولا يقل إن شئت. [شرح رياض الصالحين]

"താങ്കൾക്ക് പ്രയാസവും ഉപദ്രവവും ഉണ്ടാകില്ല. ശുദ്ധീകരണമാണിത്. അതായത്, അല്ലാഹു ഉദ്ദേശിച്ചാൽ ഇത് നിങ്ങൾക്കൊരു ശുദ്ധീകരണമാണ് എന്നർത്ഥം. നബി ﷺ ഇവിടെ إن شاء الله എന്നു പറയാനുള്ള കാരണം ഇതൊരു പ്രസ്താവനാവാചകമാണ്

പ്രാർത്ഥനാവാചകമല്ല എന്നതാണ്. പ്രാർത്ഥനകളിൽ മനുഷ്യൻ ഉറപ്പിച്ചു പറയൽ അനിവാര്യമാണ്. 'നീ ഉദ്ദേശിക്കുന്നുവെങ്കിൽ നൽകണേ' എന്ന് പറയരുത്." [ശർഹ റിയാളി സ്വാലിഹീൻ]

ഒരു അടിയൻ തന്റെ റബ്ബ് അവനെ ഏൽപ്പിച്ച ഉത്തരവാദിത്തം അവന്റെ സഹായത്താൽ മാത്രം നിറവേറ്റി. അതിന്റെ പൂർത്തീകരണവേളയിൽ അവനെ നന്ദി പൂർവ്വം സ്മരിക്കുന്ന വാക്കുകൾ. അവൻ അനുവദിച്ച സമയത്ത് അവൻ നൽകിയ ഭക്ഷണ പാനീയങ്ങളുമായി അവൻ കൽപ്പിച്ച രൂപത്തിൽ ആരാധന പൂർത്തീകരിക്കുന്ന നിമിഷത്തിൽ ഉരുവിടുന്ന ആത്മഗതം.

ذَهَبَ الظَّمَأُ، وَابْتَلَّتِ الْعُرُوقُ، وَثَبَتَ الْأَجْرُ إِنْ شَاءَ اللَّهُ

**ദാഹപരവേശം പോയി, നാഡികൾ നനഞ്ഞു,**

**അല്ലാഹു ഉദ്ദേശിച്ചാൽ പ്രതിഫലം ഉറപ്പായി.**

والله أعلم، وصلى الله وسلم على نبينا محمد وعلى آله وصحبه أجمعين،

والحمد لله رب العالمين.

• • • •

**അബൂ തൈമിയ്യ ഹനീഫ് ബാവ**

4 റമദാൻ 1445 / 14 March 2024

ഖുർആനും സുന്നത്തും സലഫുകളുടെ മൻഹജ്
അനുസരിച്ചു മനസ്സിലാക്കുവാനും പഠിക്കുവാനും
ഉതകുന്ന ഗ്രന്ഥങ്ങളും കഴമ്പുള്ള ലേഖനങ്ങളും

ISLAMBOOKS.IN

www.islambooks.in

ഖുർആൻ പരിഭാഷകളും വ്യാഖ്യാനങ്ങളും
വായിക്കുന്നവർക്കുള്ള ഒരു മാർഗ്ഗരേഖ

ഖുർആൻ വിവരണം

www.quranvivaranam.com

ഖുർആനും സുന്നത്തും സച്ചരിതരായ പൂർവികർ
മനസ്സിലാക്കിയ പോലെ അതിന്റെ ഏറ്റവും
പരിശുദ്ധവും വ്യക്തവുമായ രൂപത്തിൽ പഠിക്കാൻ

ilmusSalaf
Darul Hadeeth As-Salafiyya,Kerala

www.ilmussalaf.com